**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന് കീഴിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന് കീഴിലുള്ള ജില്ലാ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ദീർഘിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | കേരളാബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 31.12.2020 വരെ നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ നവകേരളീയം കുടിശ്ശിക നിവാരണത്തിന്റെ കാലാവധി 31.03.2021 വരെ ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്റ്റാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അൻപത് ലക്ഷം രൂപ വരെ ലോണെടുത്തവർക്ക് മാത്രമായി ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം നിജപ്പെടുത്തിയത് കാരണം ഉയർന്ന തുക ലോണെടുത്തവർക്ക് ആനുകൂല്യം ലഭ്യമാകാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനുകൂല്യം ലഭിക്കാനുള്ള വായ്പാ പരിധി ഒരു കോടി രൂപയായി ഉയർത്താൻ സർക്കാർ സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരം ഉള്ള പരാതികൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. സഹകരണ മേഖലയിലെ വായ്പകളിലെ ഏറിയ പങ്കും 50 ലക്ഷം രൂപയിൽ താഴെയുള്ള വായ്പകൾ ആണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. സാധാരണക്കാർക്കും ചെറുകിട ഇടത്തരം ആളുകൾക്കും പരമാവധി ആശ്വാസം നൽകുന്നതിന് വേണ്ടിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. 50 ലക്ഷത്തിന് മുകളിൽ ഉള്ള വായ്പാക്കാർക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ തീർപ്പാക്കുന്ന പക്ഷം പിഴപലിശ ഒഴിവാക്കി നൽകുന്നതിനുള്ള വ്യവസ്ഥ ഉപ നിബന്ധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഒറ്റതവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള വായ്പാ പരിധി ഒരു കോടി രൂപയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ